**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3280      14.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആരോഗ്യ രംഗത്തെ അടിസ്ഥാനസൗകര്യവികസനം

| ചോദ്യം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ രംഗത്തെ അടിസ്ഥാനസൗകര്യവികസനത്തിന് മുൻകൈയെടുക്കുമോ ;വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആർദ്രം പദ്ധതി പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നുണ്ട്. ഒ.പി.ബ്ലോക്കിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ അത്യാഹിത വിഭാഗത്തിന്റെ വികസനം എന്നിവ നടന്നു വരുന്നു. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മെഡിക്കൽ കോളേജുകളിലും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും,ജില്ലാ ആശുപത്രികളിലും രോഗികൾ, കിടക്ക ലഭിക്കാതെ വെറും തറയിൽ കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | സംസ്ഥാനത്തെ കിടത്തിചികിത്സ സംവിധാനമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും അതാതിന്റെ ഭൗതിക സാഹചര്യങ്ങൾക്കനുസരിച്ചും ജീവനക്കാരുടെയും ഡോക്ടർമാരുടെയും സാങ്കേതിക വിഭാഗ ജീവനക്കാരുടെയും അനുവദിക്കപ്പെട്ട എണ്ണം (sanctioned strength) അടിസ്ഥാനപ്പെടുത്തിയാണ് കിടക്കകളുടെ എണ്ണവും നിശ്ചയിച്ച നൽകിയിട്ടുള്ളത്. സൗജന്യമായും നാമമാത്രമായ തുക ഈടാക്കിയും വിദഗ്ധ ഡോക്ടർമാരുടെ സേവനം പ്രദാനം ചെയ്യുന്ന സർക്കാർ ആശുപത്രികളെ കൂടുതലായി പൊതുജനങ്ങൾ ആശ്രയിക്കുന്നതിനാലും വിശ്വാസമർപ്പിക്കുന്നതിനാലും ആശുപത്രികളിൽ അഡ്മിറ്റാകുന്ന മുഴുവൻ രോഗികൾക്കും കിടക്ക നൽകാൻ കഴിയാതെ വരുന്നുണ്ട്. എന്നിരുന്നാലും തീരെ അവശരും അടിയന്തര ചികിൽസ ആവശ്യമുള്ളതുമായ രോഗികൾക്ക് കിടക്കകൾ അനുവദിക്കുന്നതിൽ മുൻഗണന നൽകി വരുന്നുണ്ട്. |
| (സി) | സാങ്കേതികമായി തസ്തികകൾക്ക് അനുപാതമാണ് കിടക്കകൾ എങ്കിലും അത്യന്തം പരിക്ഷീണരായ രോഗികൾ വെറും തറയിൽ കിടക്കുന്ന മനുഷ്യത്വരഹിതമായ അവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗ പരിശോധനാ ടെസ്റ്റുകൾ നടത്തുന്നതിനുള്ള സൗകര്യം, അത്യാഹിത വിഭാഗത്തിനോട് ചേർന്ന് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മിക്ക ലാബുകളും അത്യാഹിത വിഭാഗത്തിനരികിലായ് ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ